# 109. ഖാൻ അബ്ദുൾ ഗഫാർ ഖാൻ

ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിനു് എട്ടു രാഷ്ട്രീയപ്പാർട്ടികൾ ചേർന്നു് 1983 ആഗസ്റ്റ് 14 മുതൽ ആരംഭിച്ച പ്രക്ഷോഭങ്ങളെ തുടന്നു് തൊണ്ണൂററിരണ്ടു വയസ്സായ ഖാൻ അബ്ദുൾ ഗഫാർ ഖാനെ പാകിസ്ഥാനിലെ പട്ടാള നിയമഭരണ മേധാവിയായ ജനറൽ സിയാ ഉൾ ഹക്ക് വീട്ടുതടങ്ങലിലാക്കിയിരിക്കുന്നു. വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിലെ പഠാൻകാർ 'ബാദശാഹ് ഖാൻ' (ചക്രവർത്തി—നേതാവു്) എന്നു സ്നേഹാദരങ്ങളോടെ വിളിക്കുന്ന അബ്ദുൾ ഗഫാർ ഖാൻ തന്റെ ദീർഘജീവിതത്തിലെ ഒട്ടേറെ സംവത്സരങ്ങൾ ബ്രിട്ടീഷുകാരുടെയും പാക്കിസ്ഥാൻകാരുടെയും ജയിലുകളിലാണു കഴിച്ചുകൂട്ടിയിട്ടുള്ളതു്. അതിനാൽ തടങ്ങൽ അദ്ദേഹത്തിനു പുതിയ അനുഭവമൊന്നുമല്ല. കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ യോഗത്തിൽ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി പറഞ്ഞതുപോലെ, സർവശക്തമായ പട്ടാളഭരണത്തിനു് ഗഫാർ ഖാൻ തൊണ്ണൂററിരണ്ടാം വയസ്സിലും ഭീഷണിയാണെങ്കിൽ, സ്വതന്ത്രനായിരിക്കുമ്പോഴത്തേക്കാൾ കൂടുതൽ കരുത്തു് അദ്ദേഹത്തിനു തടങ്ങലിലിരിക്കേ കൈവന്നിട്ടുണ്ടെന്ന കാര്യത്തിലും സംശയമൊന്നുമില്ല.

എങ്കിലും ഗഫാർ ഖാൻ ജയിലിലാണെന്ന വാർത്ത ഇന്ത്യയിലെ സ്വാതന്ത്ര്യപ്രേമികളെ അസ്വസ്ഥരാക്കാതിരിക്കയില്ല. കാരണം, സ്വാതന്ത്ര്യത്തിനുവേണ്ടി മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന ഐതിഹാസികസമരത്തിലെ പ്രശസ്തനായ ഒരു സേനാനായകനായിരുന്നു ഖാൻ അബ്ദുൾ ഗഫാർഖാൻ.

തികച്ചും നാടകീയമായാണു് ഖാൻ അബ്ദുൾ ഗഫാർ ഖാനും അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനായ ഡോ. ഖാൻ സാഹിബും ഇന്ത്യൻ രാഷ്ട്രീയരംഗവേദിയുടെ കേന്ദ്രത്തിൽ, 1930 ഏപ്രിലിൽ പ്രത്യക്ഷപ്പെട്ടതു്. മഹാത്മാഗാന്ധി സുപ്രസിദ്ധമായ ഉപ്പുസത്യാഗ്രഹം അന്നു് ആരംഭിച്ചിരുന്നു. ബ്രിട്ടീഷ് ഗവണ്മെൻറ് മർദനം അഴിച്ചുവിട്ടതിനെത്തുടന്നു് ഇന്ത്യയാകെ പ്രക്ഷുബ്ധമായി. പുതുതായി രൂപംകൊണ്ട 'ഖുദായീ ഖിദ്മത്ഗാർ' (ഈശ്വരസേവകർ) എന്ന ചെങ്കുപ്പായ വളണ്ടിയർ സേനയുടെ നേതാവായ ഗഫാർ ഖാനെ ഗവണ്മെൻറ് പേഷാവർ നഗരത്തിൽ അറസ്റ്റ്ചെയ്തു. അദ്ദേഹത്തെ തടങ്ങലിൽവെച്ച സ്ഥലത്തിനു ചുററും അനേകായിരം ജനങ്ങൾ ചേർന്നു പ്രകടനം നടത്തി. കുപിതരായ ജനങ്ങളെ വിരട്ടിയോടിക്കാൻ ഗവണ്മെൻറ് പീരങ്കികൾ കയററിയ കവചിതവാഹനങ്ങളിൽ പട്ടാളക്കാരെ അങ്ങോട്ടു് അയച്ചു. ജനങ്ങൾ ഒരു കവചിതവാഹനത്തിനു തീവെച്ചു. അതിൽ ഇരുന്നവർ ഓടി രക്ഷപ്പെട്ടു. തുടന്നു പട്ടാളക്കാർ ജനങ്ങളുടെമേൽ കൂട്ടവെടിവെച്ചു. നൂറുകണക്കിനു ജനങ്ങൾ മരിച്ചു. പലർക്കും പരിക്കുപററി. പക്ഷേ, വെടിവയ്ക്കുന്നതിനു നിയുക്തരായ 18—ാം റോയൽ ഗഢ്വാലീ റൈഫിൾസിലെ രണ്ടാം ബററാലിയനിൽപ്പെട്ട രണ്ടു പ്ലററൂൺ പട്ടാളക്കാർ, മുസ്ലിംജനക്കൂട്ടത്തിനിടയിൽ ഏതാനും ഹിന്ദുപടയാളികൾ, തങ്ങളുടെ സഹോദരന്മാർക്കു നേരെ വെടിവയ്ക്കാൻ വിസമ്മതിച്ചു നിരയിൽനിന്നു മാറിനില്ക്കുകയും തങ്ങളുടെ തോക്കുകൾ മേലുദ്യോഗസ്ഥന്മാർക്കു തിരിച്ചുകൊടുക്കുകയുമാണുണ്ടായതു്.

ചെറിയ തോതിൽ നടന്ന ഈ പട്ടാളവിപ്ലവം ബ്രിട്ടീഷ് ഗവണ്മെൻറിനെ അമ്പരപ്പിച്ചു. അവർ പേഷാവറിൽനിന്നു പട്ടാളത്തെയും

പോലീസിനെയും പൂർണമായി പിൻവലിച്ചു. 1930 ഏപ്രിൽ 25 മുതൽ മെയ് 4 വരെ ഒമ്പതു ദിവസം നഗരം തികച്ചും ജനങ്ങളുടെ നിയന്ത്രണത്തിലായിരുന്നു. പിന്നീടു ശക്തിയേറിയ ബ്രിട്ടീഷ് സേനകൾ (അവരിൽ വിമാനപ്പടകളും ഉണ്ടായിരുന്നു) പേഷാവാർ നഗരം തിരിച്ചുപിടിക്കാൻ വന്നെത്തി. ജനങ്ങൾ എതിർത്തില്ല. ജനങ്ങളുടെ നേർക്കു വെടിവെക്കാൻ വിസമ്മതിച്ച റോയൽ ഗഢ്വാലി റൈഫിൾസിലെ പതിനേഴു പട്ടാളക്കാർക്കു് ഗവണ്മെൻറ് കടുത്ത ശിക്ഷ നൽകി. അടുത്ത മാസത്തിൽ (1930 ജൂണിൽ) പഠാൻകാരുടെമേൽ സർക്കാർവിമാനങ്ങളിൽ നിന്നു് അഞ്ഞൂറു ടൺ ബോംബുകൾ വർഷിച്ചു. പക്ഷേ, ഈ മർദനം കൊണ്ടു പഠാൻകാരുടെ സമരവീര്യം തളർന്നില്ല. മറിച്ചു് ഗഫാർഖാൻെറ ചെങ്കുപ്പായ വളണ്ടിയർസേനയിലെ അംഗസംഖ്യ ഏതാനും നൂറുകളിൽ നിന്നു് എൺപതിനായിരമായി പെട്ടെന്നു പെരുകുകയാണുണ്ടായതു്.

## സ്വാതന്ത്ര്യപാരമ്പര്യം

വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനത്തിലെ പഠാൻകാർ ബ്രിട്ടീഷ് ആധിപത്യത്തെ ഒരിക്കലും അംഗീകരിക്കുകയുണ്ടായിട്ടില്ല. അഫ്ഗാനിസ്ഥാനിലും ബ്രിട്ടീഷ് ഇന്ത്യയിലുമായി, എന്നാൽ, രണ്ടു സർക്കാരുകൾക്കും പൂർണമായി കീഴടങ്ങാതെ, ഏറെക്കുറെ സ്വതന്ത്രരായി ജീവിച്ചുവരികയായിരുന്നു അവർ. പല ഗോത്രങ്ങളായി വിഭജിക്കപ്പെട്ടു്, പരസ്പരം കലഹിച്ചുകൊണ്ടിരുന്ന അവർക്കു് ബ്രിട്ടീഷ് ഇന്ത്യയിലെ നിയമങ്ങളൊന്നും ബാധകമായിരുന്നില്ല. 1893–ൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ മി. ഡ്യൂറൻഡ് ഭൂപടത്തിൽ ഒരു വര വരച്ചു് അഫ്ഗാനിസ്ഥാനും ഇന്ത്യയ്ക്കും ഇടയിലുള്ള അതിർത്തി രേഖപ്പെടുത്തിയപ്പോൾ, ആ വര പഠാൻ ജനതയെ നെടുകെ രണ്ടായി പിളർക്കുകയാണുണ്ടായതു്. ഈ വിഭജനം പഠാൻകാരോ, അഫ്ഗാനിസ്ഥാനിലെ ഗവണ്മെൻേറാ അംഗീകരിച്ചില്ല. ഇന്ത്യയ്ക്കും അഫ്ഗാനിസ്ഥാനും ഇടയിൽ 'പഖ്തൂണിസ്ഥാൻ' എന്ന പേരിൽ സ്വയംഭരണമുള്ള ഒരു രാഷ്ട്രമായി നിലകൊള്ളാനാണു് അന്നൊക്കെ പഠാൻകാർ ആഗ്രഹിച്ചതു്. ലഹളക്കാരായ പഠാൻകാരെ അമർത്തുന്നതിനു് ഈ പ്രദേശങ്ങളിൽ കൂടെക്കൂടെ സൈനികാക്രമണങ്ങൾ നടത്തുക ബ്രിട്ടീഷ് ഗവണ്മെൻറിൻെറ പതിവായിരുന്നു. ഈ ആക്രമണങ്ങളിൽ വിമാനങ്ങളും പങ്കെടുത്തിരുന്നു. 'അഫ്ഗാൻ ഭീഷണി'യുടെ പേരിലാണു് ഈ അടിച്ചമർത്തൽ നടന്നുകൊണ്ടിരുന്നതു്. ഇന്ത്യയിൽ തൊട്ടുകിടക്കുന്ന പഞ്ചാബിലെ ജനങ്ങൾക്കിടയിൽ അതിർത്തിയിലെ ഗോത്രവർഗക്കാരുടെ ആക്രമണം അപ്പോഴും ഒരു പേടിസ്വപ്നമായിരുന്നു.

ഈ പരിതഃസ്ഥിതിയിലാണു് അഹിംസയിൽ അടിയുറച്ചു വിശ്വസിക്കുന്ന ചെങ്കുപ്പായ വളണ്ടിയർ സൈന്യത്തെ അബ്ദുൾ ഗഫാർ ഖാൻ രൂപവത്കരിച്ചതും, ഈ സൈന്യത്തോടൊപ്പം സ്വാതന്ത്ര്യസമരരംഗത്തു പ്രത്യക്ഷപ്പെട്ടതും. ശതാബ്ദങ്ങളായി കൊലയ്ക്കും കൊള്ളയ്ക്കും കുപ്രസിദ്ധി നേടിയ പഠാൻകാർ അഹിംസാവ്രതം കൈക്കൊള്ളുമെന്നു് വിശ്വസിക്കാൻ അന്നു കോൺഗ്രസ്സുകാർക്കുപോലും പ്രയാസം തോന്നിയിരുന്നു. 'ഖുദായി ഖിദ്മത്ഗാർ'മാരുടെ ചുവന്ന (കാവിനിറത്തിലുള്ള) കുപ്പായം, അപ്പുറത്തുള്ള റഷ്യയിലെ കമ്യൂണിസ്റ്റുകാരുമായി അവർക്കു ബന്ധമുണ്ടെന്ന സംശയത്തിനു കാരണമായി. ഈ ചുററുപാടിൽ, പെട്ടെന്നൊരു ദിവസം ഗാന്ധിയോടും കോൺഗ്രസ്സിനോടും കൂറു പ്രഖ്യാപിച്ചു് സ്വാതന്ത്ര്യസമരത്തിൻെറ മുന്നണിയിൽ വന്നുനിന്ന ദീർഘകായനായ ഈ പഠാൻ നേതാവിനെയും അദ്ദേഹത്തിൻെറ സുശിക്ഷിതരായ അഹിം

സകസൈനികരേയും അവിശ്വാസത്തോടെയും അത്ഭുതത്തോടെയും ആദരത്തോടെയും ഇന്ത്യ (ബ്രിട്ടീഷ് ഗവണ്മെൻറുപോലും) നോക്കിനിന്നുപോയി. ക്രമേണ ഇന്ത്യക്കാരുടെ അവിശ്വാസവും അത്ഭുതവും നീങ്ങി; ആദരംമാത്രം അവശേഷിച്ചു. ഗഫാർ ഖാനെ ഭാരതീയരാകെ 'അതിർത്തി ഗാന്ധി'യെന്നു വിളിക്കാനും തുടങ്ങി.

## കോൺഗ്രസ് സമ്മേളനത്തിൽ

1931—ൽ കറാച്ചിയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിൽ 'ഖുദായി ഖിദ്മത്ഗാർ' വളണ്ടിയർമാരുടെ ഒരു വമ്പിച്ച സംഘത്തോടുകൂടി ഗഫാർ ഖാൻ പങ്കെടുത്തു. അന്നു് അദ്ദേഹത്തിനു നാല്പതു വയസ്സായിരുന്നു. അടുത്തു ലണ്ടനിൽ നടക്കാനിരിക്കുന്ന വട്ടമേശസമ്മേളനത്തിൽ കോൺഗ്രസ്സിൻെറ പ്രതിനിധിയായി ഗാന്ധിജി പങ്കെടുക്കണമെന്നാവശ്യപ്പെടുന്ന മുഖ്യപ്രമേയം ജവാഹർലാൽ നെഹ്റു അവതരിപ്പിച്ചു. ഈ പ്രമേയം പിൻതാങ്ങി ചെയ്ത പ്രസംഗത്തിൽ ഗഫാർ ഖാൻ പറഞ്ഞു: 'എനിക്കു രോഗമാണ്. പക്ഷേ, മഹാത്മജിയുടെ ആജ്ഞ നിരസിക്കാൻ എനിക്കു വയ്യ. ഞാനൊരു ഭടൻമാത്രം. തനിക്കു ശരിയെന്നു തോന്നുന്നതു് ആ സേനാധിപൻ കല്പിച്ചാൽ, അനുസരിക്കാൻ മാത്രമേ ഈ ഭടനു് അറിയൂ. പഠാൻകാർക്കു് മഹാത്മാഗാന്ധിയിൽ വിശ്വാസമുണ്ടു്. അവരെ ഇന്ത്യയുടെയും ഇന്ത്യക്കാരുടെയും സുഹൃത്തുക്കളാക്കിയതു് മഹാത്മാഗാന്ധിയാണു്.'

ഇതേ ആണ്ടിൽ കോൺഗ്രസ്സിനെതിരായി വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശത്തു പൊതുജനാഭിപ്രായം രൂപവല്ക്കരിക്കാൻ വൈസ്രോയി ഒരു ദർബാർ നടത്തി. അതിലേക്കു് ഗഫാർ ഖാനെയും അദ്ദേഹത്തിൻെറ സഹോദരനായ ഡോ. ഖാൻ സാഹിബിനെയും ക്ഷണിച്ചു. പക്ഷേ, കോൺഗ്രസ്സിനു പങ്കാളിത്തമില്ലാത്ത ഒരു ചർച്ചയിൽ പങ്കുകൊള്ളാൻ അവർ വിസമ്മതിക്കുകയാണുണ്ടായതു്. ഉടനെ അധികൃതർ മർദനനിയമങ്ങൾ പ്രഖ്യാപിക്കുകയും, ഗഫാർ ഖാനെയും അനുചരരേയും ജയിലിലാക്കുകയുംചെയ്തു. വട്ടമേശസമ്മേളനം സംബന്ധിച്ച് ഇംഗ്ലണ്ടിൽ പോയിരുന്ന മഹാത്മജി മടങ്ങിയെത്തുന്നതിനു നാലു ദിവസം മുമ്പായിരുന്നു ഇതു്. 1934—ൽ ബോംബെയിൽ ചേർന്ന കോൺഗ്രസ് വാഷിക സമ്മേളനത്തിൻെറ പന്തലിൻെറ പേർ 'ഖാൻ അബ്ദുൾ ഗഫാർ ഖാൻ നഗർ' എന്നായിരുന്നു. അന്നത്തെ കോൺഗ്രസ് നേതാക്കൾക്കിടയിൽ ഗഫാർ ഖാനുണ്ടായിരുന്ന ഉയർന്ന മതിപ്പ് ഇതിൽനിന്നു വ്യക്തമാവുന്നുണ്ടു്.

മഹാത്മാഗാന്ധിയുടെ സെക്രട്ടറിയായിരുന്ന മഹാദേവദേശായി 'രണ്ടു് ഈശ്വരസേവകന്മാർ' എന്ന പേരിൽ ഗഫാർ ഖാൻെറയും സഹോദരൻ ഖാൻ സാഹിബിൻെറയും ജീവചരിത്രം എഴുതി പ്രസിദ്ധീകരിച്ചതു് ഏതാണ്ടു് ഇക്കാലത്താണു്. ഇന്ത്യയിലാകെ വമ്പിച്ച പ്രചാരം ഏതാനും ദിവസങ്ങൾക്കകം ഈ പുസ്തകം നേടി; പല ഭാഷകളിലും അതിനു വിവർത്തനങ്ങളുണ്ടായി.

മഹാത്മാഗാന്ധി ഗഫാർ ഖാൻെറ ക്ഷണം സ്വീകരിച്ച് 1938—ൽ അതിർത്തിസംസ്ഥാനത്തിൽ പര്യടനം നടത്തി. ഈ പര്യടനത്തിൻെറ അവസാനത്തിൽ എഴുതിയ ഒരു ലേഖനത്തിൽ അദ്ദേഹം ഗഫാർ ഖാനെ ഭാരതീയരുടെ മുമ്പിൽ ഇങ്ങനെ അവതരിപ്പിച്ചു.

## ശിഷ്യനെപ്പററി ഗുരു

'ബാദ്ശാഹ് ഖാൻ (ഗഫാർ ഖാൻ) എന്താണ് എന്നതിനെപ്പററി ഒരു സംശയം വേണ്ട. അദ്ദേഹം നിസ്സംശയമായും ഈശ്വരന്റെ ആളാണ്. ഈശ്വരന്റെ സജീവസാന്നിദ്ധ്യത്തിൽ അദ്ദേഹം വിശ്വസിക്കുന്നു. ഈശ്വരേച്ഛയുണ്ടെങ്കിലേ തന്റെ പ്രസ്ഥാനം വിജയിക്കൂ എന്ന് അദ്ദേഹത്തിനറിയാം. പഠാൻകാർ മികച്ച യുദ്ധവീരന്മാരാണെന്നതിൽ അദ്ദേഹം അഭിമാനിക്കുന്നില്ല. അവർ ഇതിലുമധികം വീരന്മാരാകണമെന്നും, ധീരതയോടൊപ്പം ശരിയായ അറിവുകൂടി പഠാൻകാർ നേടണമെന്നും അദ്ദേഹം ആഗ്രഹിക്കുന്നു. അഹിംസയിലൂടെമാത്രമേ ഈ നേട്ടം കൈവരൂ എന്ന് അദ്ദേഹത്തിന് അറിയാം. അതിർത്തിസംസ്ഥാനത്തിലേക്കു ഞാൻ കൂടെക്കൂടെ തീർത്ഥയാത്ര നടത്തണം. കാരണം, ശരിയായ അഹിംസ പ്രദർശിപ്പിക്കുന്നതിൽ ഇന്ത്യയുടെ മററു ഭാഗങ്ങളെല്ലാം പരാജയപ്പെട്ടാലും അതിർത്തിസംസ്ഥാനം ആ അഗ്നിപരീക്ഷയിൽ ജയിക്കുമെന്നു കരുതാൻ അടിസ്ഥാനമുണ്ട്. ഈ അടിസ്ഥാനം ലളിതമാണ്. ഒരുലക്ഷത്തിലധികംവരുന്ന അനുയായികൾ സ്വന്തം ഇച്ഛപ്രകാരം അദ്ദേഹത്തെ അനുസരിക്കുന്നു. അദ്ദേഹത്തിന്റെ ചുണ്ട് ഇളകുന്നതു് അവർ കാത്തിരിക്കുന്നു. അദ്ദേഹം ഒരു വാക്കു പറയേണ്ട താമസം, അതു നിറവേററപ്പെടുന്നു.'

മഹാത്മാഗാന്ധിയിൽനിന്ന് ഇത്തരമൊരു യോഗ്യതാപത്രം മറെറാരു നേതാവിനും—വല്ലഭഭായി പട്ടേലിനുപോലും—ലഭിച്ചിട്ടില്ല.

## ആശാഭംഗം

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അരുണോദയം അതിർത്തിസംസ്ഥാനത്തിൽ പ്രതീക്ഷയുടെ പ്രകാശമല്ല, ആശാഭംഗത്തിന്റെ അന്ധകാരമാണു പരത്തിയതു്. കാരണം, സ്വാതന്ത്ര്യത്തിന്റെ മുൻ ഉപാധി മത—അടിസ്ഥാനത്തിൽ ഈ ഭൂഖണ്ഡത്തെ ഇന്ത്യയെന്നും പാകിസ്ഥാൻ എന്നും രണ്ടായി വിഭജിക്കൽ ആയിരുന്നു. മഹാത്മാഗാന്ധി ഈ വിഭജനത്തെ എതിർത്തെങ്കിലും, ജവാഹർലാൽ നെഹ്റു അടക്കമുള്ള കോൺഗ്രസ് നേതാക്കൾ, ഒഴിച്ചുവിടാനാവാത്ത ഒരു തിന്മയെന്ന നിലയിൽ, വിഭജനത്തിനു സമ്മതം മൂളുകയാണുണ്ടായതു്. ഹിന്ദു—മുസ്ലീം മൈത്രിക്കുവേണ്ടി എക്കാലവും നിലകൊള്ളുകയും, മുസ്ലിംലീഗിന്റെ ദ്വിരാഷ്ട്രവാദത്തെ നഖശിഖാന്തം എതിർക്കുകയുംചെയ്തിരുന്ന 'ഖുദായി ഖിദ്മത്ഗാർ' സംഘടനയും അവരുടെ നേതാവായ ഗഫാർ ഖാനും കോൺഗ്രസ്സിന്റെ ഈ നയവ്യതിയാനത്തെ കണ്ടതു് അതിർത്തിസംസ്ഥാനക്കാരോടു ചെയ്ത ഒരു വിശ്വാസവഞ്ചന എന്ന നിലയിലാണ്. അതിർത്തിസംസ്ഥാനത്തിന്റെ ഭാവിയെപ്പററി ഗഫാർ ഖാൻ കണ്ടിരുന്ന സ്വപ്നം മഹാത്മാഗാന്ധി വിവരിച്ചിട്ടുണ്ട്. 1947 ജൂൺ 30—ാം തീയതി ഒരു പ്രാർത്ഥനാ യോഗത്തിൽ മഹാത്മജി ഇങ്ങനെ പറഞ്ഞു:

## പഖ്തൂണിസ്ഥാൻ

'അതിർത്തിസംസ്ഥാനത്തിൽ ഡോ. ഖാൻ സാഹേബിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് മന്ത്രിസഭ അധികാരത്തിൽ വരുംമുമ്പുതന്നെ, ആഭ്യന്തരകാര്യങ്ങളിൽ പഠാൻകാർക്കു സ്വാതന്ത്ര്യം വേണമെന്ന് ബാദ്ശാഹ് ഖാൻ ആഗ്രഹിച്ചിരുന്നു. പഠാൻകാർക്കു വേറിട്ട് ഒരു സ്റ്റേററ് വേണമെന്നതല്ല അദ്ദേഹത്തിന്റെ ആവശ്യം. (അതിർത്തിസംസ്ഥാനത്തിനു്) ഒരു പ്രാദേശിക ഭരണഘടനയുണ്ടാക്കാൻ അദ്ദേഹത്തെ അനുവദിച്ചാൽ, ഇന്ത്യയിലോ, പാകിസ്ഥാനിലോ ഏതെങ്കിലുമൊന്നിൽ അദ്ദേ

ഹം ചേരും. പഠാൻകാർ സ്വയംഭരണം ഏർപ്പെടുത്തുന്നതിനോടുള്ള എതിർപ്പിന്റെ അർത്ഥം, പഠാൻകാരെ അപമാനിക്കണമെന്നോ, കീഴ്പ്പെടുത്തിവയ്ക്കാൻ കഴിയുമാറ് അവരെ മെരുക്കിയെടുക്കണമെന്നോ അല്ലെങ്കിൽ, വേറെ എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല.'

ഭാഷ, സംസ്കാരം, ആചാരങ്ങൾ, ചരിത്രം മുതലായവയുടെ അടിസ്ഥാനത്തിൽ തികച്ചും വ്യത്യസ്തമായ ഒരു ജനതയാണ് പഠാൻകാരെന്നും, അതിനാൽ അവർക്ക് ആഭ്യന്തരകാര്യങ്ങളിൽ സ്വയംഭരണം ഉണ്ടായിരിക്കണമെന്നും ഖാൻ അബ്ദുൾ ഗഫാർ ഖാൻ കരുതി. ആഭ്യന്തര കാര്യങ്ങളിൽ ഇന്ത്യയുടെയോ, പാകിസ്ഥാന്റെയോ അടിമകളാകരുത് പഠാൻകാർ എന്നായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച അഭിപ്രായം. അതുകൊണ്ട്, പാകിസ്ഥാനിലോ ഇന്ത്യയിലോ ഏതിൽ ലയിക്കണമെന്ന ചോദ്യം ഉത്ഭവിച്ചപ്പോൾ, ഇതു സംബന്ധിച്ച ജനഹിതപരിശോധനയിൽനിന്ന് ഗഫാർ ഖാനും അനുയായികളും വിട്ടുനിന്നു. അവരുടെ നിസ്സഹകരണത്തോടെ നടന്ന ജനഹിതപരിശോധനയുടെ ഫലം, സ്വാഭാവികമായും പാകിസ്ഥാന് അനുകൂലമായിരുന്നു.

വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിൽ ഇരുപത്തഞ്ചു ലക്ഷം പഠാൻകാരുണ്ട്. ഈ പ്രദേശം, മുമ്പു പറഞ്ഞപോലെ, ഇന്ത്യയുടെ 'പുറമ്പോക്ക്' (നോമാൻസ് ലാൻഡ്) ആയാണു കണക്കാക്കപ്പെട്ടിരുന്നത്. പാകിസ്ഥാൻ നിലവിൽ വന്നശേഷവും, പാകിസ്ഥാനിലെ നിയമങ്ങളൊന്നും അവിടെ, ഗോത്രവർഗപ്രദേശങ്ങളിൽ, ബാധകമാക്കിയിരുന്നില്ല. സ്വാതന്ത്ര്യലബ്ധിക്കുശേഷം, പഠാൻകാരോടുള്ള സന്മനോഭാവത്തിന്റെ ഒരു പ്രകടനമെന്ന നിലയിൽ മി. ജിന്ന ഈ പ്രദേശത്ത് ബ്രിട്ടീഷുകാർ സ്ഥാപിച്ചിരുന്ന പട്ടാളക്യാമ്പുകളെല്ലാം പൊളിച്ചുമാററി. ഇരുപത്തഞ്ചു വർഷങ്ങളോളം പഠാൻകാർ യാതൊരു ശല്യവുമില്ലാതെ, ഏറെക്കുറെ സ്വതന്ത്രരായി, അവിടെ കഴിഞ്ഞുകൂടി.

1973-ൽ ഭൂട്ടോ പാകിസ്ഥാൻ പ്രധാനമന്ത്രിയായിരിക്കെയാണ് സ്ഥിതിഗതികൾ വ്യത്യാസപ്പെട്ടത്. പെട്ടെന്ന് ഒരു ദിവസം ഗോത്രപ്രദേശത്ത് ഉടനീളം സ്കൂളുകൾ, ഡിസ്പെൻസറികൾ, റോഡുകൾ മുതലായവ നിർമിക്കപ്പെട്ടുതുടങ്ങി. ഏററവും പ്രധാനം തെക്കെ വസീറിസ്ഥാനിൽ 'റാസ്മാക്' എന്ന സ്ഥലത്ത് ബ്രിട്ടീഷുകാർ സ്ഥാപിച്ചിരുന്നതും ജിന്ന എടുത്തുകളഞ്ഞതുമായ പട്ടാളക്യാമ്പ് പുനരുജ്ജീവിക്കപ്പെട്ടു എന്നതാണ്. തൊട്ടപ്പുറത്തുള്ള അഫ്ഗാനിസ്ഥാനിൽ രാജവാഴ്ച അവസാനിക്കുകയും ഒരു ജനാധിപത്യഗവണ്മെൻറ് പ്രഖ്യാപിക്കപ്പെടുകയുംചെയ്തപ്പോൾ അതിർത്തിസംസ്ഥാനത്തിൽ പഖ്തൂണിസ്ഥാൻ വാദത്തിന്റെ പുനരുജ്ജീവനത്തെ ചെറുക്കാനായിരുന്നു ഭൂട്ടോ ഈ രംഗത്ത് സർവശക്തികളോടുംകൂടി കടന്നുവന്നത്. ഇക്കാര്യത്തിൽ അമേരിക്കൻ പിന്തുണ ഭൂട്ടോവിനു ലോഭമില്ലാതെ ലഭിക്കുകയും ചെയ്തു.

1977-ൽ ഭൂട്ടോവിനെ സ്ഥാനഭ്രഷ്ടനാക്കി ജനറൽ സിയാ ഉൾ ഹക് പാകിസ്ഥാനിൽ അധികാരമേററു. 1978-ൽ അഫ്ഗാനിസ്ഥാനിൽ വിപ്ലവമുണ്ടായി. നൂർ മഹമ്മദ് തരാകിയുടെ നേതൃത്വത്തിൽ ഒരു കമ്യൂണിസ്റ്റ് ഗവണ്മെൻറ് അവിടെ നിലവിൽ വന്നു. ഈ ഗവണ്മെൻറിൽ ബബ്രാക് കാർമൽ വൈസ്പ്രസിഡണ്ടും ഹാഫിസുള്ള അമീൻ വിദേശകാര്യമന്ത്രിയുമായിരുന്നു. 1979-ൽ അമീൻ പ്രധാനമന്ത്രിയായി. നാടെങ്ങും കലാപങ്ങൾ ഉയർന്നു. 1979 സെപ്റ്റംബറിൽ തരാകി വധിക്കപ്പെട്ടു. 1979 ഡിസംബർ അവസാനത്തിൽ കലാപങ്ങൾ അമർത്താൻ സോവിയററ് പട്ടാളം അഫ്ഗാനിസ്ഥാനിലേക്കു കടന്നു. അമീൻ കൊല്ലപ്പെട്ടു. കാർമൽ ഭരണാധികാരിയായി.

ഇതോടെ, സോവിയററ്യൂണിയനും അഫ്ഗാനിസ്ഥാനിലെ

വിപ്ലവഗവണ്മെൻറിനും എതിരായ പ്രവർത്തനങ്ങളുടെ കേന്ദ്രമെന്ന നിലയിൽ അതിർത്തിസംസ്ഥാനം അന്താരാഷ്ട്രീയ പ്രാധാന്യമാർജിച്ചു. അമേരിക്കൻ ഉപദേഷ്ടാക്കളും അമേരിക്കൻ ആയുധങ്ങളും പാകിസ്ഥാൻ പടയാളികളും അഫ്ഗാൻ അഭയാർത്ഥികളും എല്ലാം ഈ പ്രദേശത്തെ ഒരു വിസ്ഫോടനമേഖലയാക്കി മാറ്റുകയുംചെയ്തു.

## ജയിലുകളിൽ

വടക്കുപടിഞ്ഞാറെ അതിർത്തിസംസ്ഥാനത്തെ പാകിസ്ഥാൻ ഏറെക്കുറെ അതിൻെറ പാട്ടിനു വിട്ടിരുന്ന കാലത്തുതന്നെ ഖാൻ അബ്ദുൾ ഗഫാർ ഖാന് ഏറെക്കാലം പാകിസ്ഥാൻെറ ജയിലുകളിലും വീട്ടുതടങ്കലിലും കഴിയേണ്ടിവന്നു. മഹാത്മാഗാന്ധിയുടെ ശിഷ്യത്വം അംഗീകരിക്കുകയും ജിന്നയെ തുറന്ന് എതിർക്കുകയും അവിഭക്തഭാരതത്തിനുവേണ്ടി ഉറച്ച നിലപാട് എടുക്കുകയുംചെയ്ത ഈ അഹിംസാമൂർത്തിയെ അറിയാനോ, ആദരിക്കാനോ പാകിസ്ഥാനിലെ ഭരണാധികാരികൾക്കോ, പുതിയ തലമുറയ്ക്കോ കഴിഞ്ഞില്ല. 'തനിക്കു് നല്ലതു് എന്താണെന്ന് ആ കിഴവന് അറിഞ്ഞുകൂടാ' എന്നാണത്രേ അദ്ദേഹത്തെപ്പറ്റി സിയാ ഉൾഹക്ക് ഇന്ദിരാഗാന്ധിയോടു പറഞ്ഞതു്.

മഹാത്മാഗാന്ധിയുടെ മരണത്തിനുശേഷം ഗഫാർഖാന് ഇന്ത്യയോടും സുഖകരങ്ങളായ ബന്ധങ്ങളല്ല ഉണ്ടായിരുന്നതു്. പുതിയ ഇന്ത്യയുടെ നേതാക്കൾ പഠാൻകാരോടു വിശ്വാസവഞ്ചനയാണു പ്രവർത്തിച്ചതെന്ന വിശ്വാസം അദ്ദേഹത്തിൽ വേരുറച്ചിരുന്നു. മഹാത്മാഗാന്ധിയുടെ ആദർശങ്ങൾക്കും പ്രവർത്തനശൈലികൾക്കും ഇന്ത്യയിൽ സംഭവിച്ച ദുർദശ അദ്ദേഹത്തെ കഠിനമായി വേദനിപ്പിച്ചു.

പാകിസ്ഥാനിൽ തനിക്കു നേരിട്ടിരുന്ന പീഡനം ഒഴിവാക്കാൻ ഗഫാർ ഖാൻ താമസം അഫ്ഗാനിസ്ഥാനിലെ കാബൂൾ നഗരത്തിലേക്കു മാറ്റി. അവിടത്തെ സർക്കാരും ജനങ്ങളും അദ്ദേഹത്തെ വളരെയധികം ആദരിച്ചു. പക്ഷേ, എത്ര കാലമാണു സ്വയം ചുമത്തിയ ഈ നാടുകടത്തൽ അനുഭവിക്കുക! താൻ പിറന്ന നാടിനു് തൻെറ സാന്നിദ്ധ്യവും സേവനവും ആവശ്യമുണ്ടെന്ന ബോധം അദ്ദേഹത്തെ അതിർത്തിസംസ്ഥാനത്തിലേക്കു തിരിച്ചു കൊണ്ടുവന്നു.

ഇപ്പോൾ ജനറൽ സിയാ ഉൾഹക്കിൻെറ തടങ്കലിലിരിക്കേ ഈ 'കിഴവൻ' എന്തിനെപ്പറ്റിയാവാം ചിന്തിക്കുന്നുണ്ടാവുക? 'കാഥകൾ നിറഞ്ഞ' തൻെറ ആയുസ്സിലെ തൊണ്ണൂറ്റിരണ്ടു വർഷങ്ങളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ, പ്രയാസമേറിയ അനേകം രംഗങ്ങളിൽ ഉറച്ചുനിന്നു പൊരുതിയ ഈ യോദ്ധാവിനു് ആത്മതുഷ്ടി അനുഭവപ്പെടുന്നുണ്ടായിരിക്കുമോ? അതോ 'ഒരു നിശ്ചയമില്ലയൊന്നിനും' എന്ന നിലയിൽ അലങ്കോലപ്പെട്ടുകിടക്കുന്ന തൻെറ ജനതയുടെ ഭാഗധേയത്തെപ്പറ്റി ചിന്തിച്ചു് അദ്ദേഹം നെടുവീർപ്പിടുന്നുണ്ടാകുമോ? തൻെറ ഗുരുഭൂതനായ മഹാത്മാഗാന്ധിക്കു സംഭവിച്ചതുപോലെ, വഴി തെറ്റിയ ഏതെങ്കിലുമൊരു നാട്ടുകാരൻെറ വെടിയുണ്ട നെഞ്ചിൽ തറച്ചു് ഇഹലോകം വെടിയാനും, അങ്ങനെ തൻെറ അന്തിമരക്തബിന്ദുകൂടി രാജ്യത്തിനും ജനതയ്ക്കുംവേണ്ടി ചൊരിയാനും അദ്ദേഹം ആഗ്രഹിക്കുന്നുണ്ടാകുമോ?

അതെന്തായാലും, അബ്ദുൾ ഗഫാർ ഖാനെ ഇന്ത്യ മറന്നുകൂടാ. നാം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിനു വിയർപ്പിലൂടെയും കണ്ണീരിലൂടെയും ചോരയിലൂടെയും കനത്ത വില നൽകിയവരിൽ ചുരുക്കം ചിലരേ ഇന്നും ജീവനോടെ അവശേഷിച്ചിട്ടുള്ളു. അവരിൽ എന്തുകൊണ്ടും

പ്രമുഖനത്രെ അതിർത്തിഗാന്ധി. അദ്ദേഹത്തെപ്പററി ഓർക്കുമ്പോൾ, നമ്മുടെ പൈതൃകത്തിന്റെ ഏററവും വിലപ്പെട്ട ഒരു ഭാഗവുമായി ബന്ധപ്പെടുകയത്രേ നാം ചെയ്യുന്നതു്. ആ സ്മരണ നമ്മെ ധന്യരാക്കുന്നു.

(4 സെപ്തംബർ, 1983)

# 110. സിനിക്

മലയാളത്തിൽ സിനിമാനിരൂപണത്തിന്റെ വിശിഷ്ടമായ ഒരു പാരമ്പര്യം സൃഷ്ടിച്ച പുതിയേടത്തു് എം. വാസുദേവൻനായർ (സിനിക്) ഡിസംബർ 21—ാം തീയതി രാവിലെ കോഴിക്കോട്ടുവെച്ചു് ഹൃദ്രോഗം മൂലം നിര്യാതനായി. മരിക്കുമ്പോൾ അദ്ദേഹത്തിനു് അറുപത്തിമൂന്നു വയസ്സായിരുന്നു.

1950—ൽ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിന്റെ ചുമതല ഏറെറടുത്ത കാലത്താണു് ഞാൻ ശ്രീ വാസുദേവൻനായരുമായി പരിചയപ്പെട്ടതു്. ഈ പരിചയം ഗാഢമായ ഒരു ആജീവനാന്തസൗഹാർദമായി മാറുവാൻ താമസമുണ്ടായില്ല.

സമകാല കേരളസംസ്കാരത്തിന്റെ ഏററവും നല്ല വശങ്ങളുടെ ദർപ്പണമായി മാതൃഭൂമി ആഴ്ച്ചപ്പതിപ്പിനെ വളർത്തുകയെന്നതായിരുന്നു എന്റെ ലക്ഷ്യം. മലയാളസിനിമ ഒരു പുതിയ വഴിത്തിരിവിലേക്കു പ്രവേശിക്കുന്ന കാലമായിരുന്നു അതു്. 'ജീവിതനൗക' എന്ന പടത്തിന്റെ അത്ഭുതപൂർവമായ വിജയം, സാധാരണക്കാരുടെ വൈകാരികവും സൗന്ദര്യാനുഭൂതിപരവുമായ ജീവിതത്തിൽ സിനിമയ്ക്കു കൈവരാവുന്ന സ്ഥാനം എത്ര ഉയർന്നതാണെന്നു വ്യക്തമാക്കിയിരുന്നു. എങ്കിലും, കലാപരമോ, സാംസ്കാരികമോ ആയ ഉദ്ബുദ്ധതയോ പ്രതിബദ്ധതയോ സിനിമാനിർമാതാക്കളിൽ മിക്കവർക്കും അന്നു് ഉണ്ടായിരുന്നില്ല. തരംതാഴ്ന്ന കച്ചവടക്കണ്ണായിരുന്നു പലരെയും മലയാളപടമെടുക്കുന്നതിനായി മുതലിറക്കാൻ പ്രേരിപ്പിച്ചിരുന്നതു്.

ഇരുപതാം നൂററാണ്ടിന്റെ യാന്ത്രികസംസ്കാരത്തിന്റെ കലാരൂപമാണല്ലോ സിനിമ. പല വ്യത്യസ്ത ഘടകങ്ങളുടെയും സമഞ്ജസമായ സമ്മേളനത്തിൽനിന്നു മാത്രമേ ഒരു നല്ല പടം രൂപംകൊള്ളുകയുള്ളു. ഈ വ്യത്യസ്ത ഘടകങ്ങളെപ്പററി ആധികാരികമായ പരിജ്ഞാനത്തോടെ, മലയാളത്തിലിറങ്ങുന്ന ഓരോ പടവും സൂക്ഷ്മതയോടെ നിരീക്ഷിച്ചു്, കണിശമായും നിഷ്പക്ഷമായും വിലയിരുത്തുന്ന സിനിമാനിരൂപണം ആ കാലഘട്ടത്തിന്റെ വലിയ ഒരാവശ്യമായിരുന്നു. ലോകസിനിമയുമായി നാം അന്നു പരിചയപ്പെടാൻ തുടങ്ങിയിട്ടേയുള്ളു. മലയാളസിനിമ കഴിഞ്ഞാൽ, തമിഴിലെ സംഗീതപ്രധാനങ്ങളായ ചിത്രങ്ങളാണു് കേരളത്തിൽ കൂടുതലും 'ഓടി'യിരുന്നതു്. അപൂർവം ചില നഗരങ്ങളിൽ വല്ലപ്പോഴും ചില ഹോളിവുഡ് ചിത്രങ്ങളും കാണാൻ കഴിഞ്ഞിരുന്നു. പൂനാ ഫിലിം ഇൻസ്റ്റിററ്യൂട്ട് അന്നു് ആരംഭിച്ചിട്ടില്ല. സിനിമ സംബന്ധിച്ച ഗ്രന്ഥങ്ങൾ അപൂർവമായിരുന്നു. നല്ല സിനിമാവാരികകളും കുറവായിരുന്നു; ഉള്ളവയ്ക്കു പ്രചാരം കഷ്ടിയും.

'സിനിമാനിരൂപണം' എന്ന പേരിൽ മലയാളത്തിലും മററു് ഇന്ത്യൻഭാഷകളിലും അന്നു പ്രചരിച്ചിരുന്നതു് ഏറെയും സിനിമാലോകത്തിലെ അപവാദകഥകളും സ്റ്റുഡിയോവാർത്തകളും താരസ്തോത്രങ്ങള